# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 64 — 08.02.2016-ൽ മറുപടിയ്ക്ക്

### വോട്ടിംഗ് മെഷീനുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| എ) | കഴിഞ്ഞ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടിംങ്ങ് മെഷീനുകൾ കേടുവന്നത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നുവോ; | എ) | ഉത്തരവിട്ടിരുന്നു. |
| ബി) | എങ്കിൽ ആരെല്ലാമായിരുന്നു അന്വേഷണ ഉദ്യോഗസ്ഥരെന്നും, ഇവർ ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ; | ബി) | ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി മുൻ പ്രോ വൈസ് ചാൻസിലർ ആയ പ്രൊഫ. ഡോ.കെ.ആർ.ശ്രീവത്സൻ, സി-ഡാക്കിന്റെ ഡയറക്ടർ ജനറലായ പ്രൊഫ.രജത് മൂന, സി-ഡാക്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ശ്രീ.രമണി ബി. എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ 05.11.2015-ൽ നടന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വോട്ടിംഗ് മെഷീനുകൾക്ക് തകരാറ് സംഭവിക്കാനുണ്ടായ കാരണം പരിശോധിക്കാനും, പരിഹാരം നിർദ്ദേശിക്കുവാനുമായി 19.11.2015-ലെ 795/2015/സം.തി.ക. നമ്പർ ഉത്തരവിൻ പ്രകാരം നിയോഗിച്ചിരുന്നു. |
| സി) | ഇവരുടെ അന്വേഷണത്തിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | ഉണ്ട്. അന്വേഷണറിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | മലപ്പുറം ജില്ലയിൽ മാത്രം ഒട്ടേറെ മെഷീനുകൾ കേടുവരാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | പ്രസ്തുത മെഷീനുകൾ ഭാവിയിൽ ഉപയോഗിക്കുന്നതിന് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇ) | ഹൈലെവൽ ഫാക്റ്റ് ഫൈന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഇ.വി.എം. നിർമ്മിച്ച നൽകിയ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക്, കേടായ മെഷീനുകൾ പ്രവർത്തനസജ്ജമാക്കി കമ്മീഷന് ലഭ്യമാക്കാനായുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ കേടായ മെഷീനുകൾ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നന്നാക്കി നൽകുന്ന മുറയ്ക്ക് പ്രസ്തുത മെഷീനുകളുടെ പ്രവർത്തന ക്ഷമത പരിശോധിക്കുന്നതിനായി തിരുവനന്തപുരം നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിലെ സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസറായ ശ്രീ.റ്റി.മോഹൻദാസ് കൺവീനറായും, തിരുവനന്തപുരം സി-ഡാക്കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ശ്രീ.രമണി ബി., തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് വിഭാഗം മേധാവി ശ്രീ.ജിജി സി.വി. എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഹൈലെവൽ ഫാക്റ്റ് ഫൈന്റിംഗ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച്, മേൽപറഞ്ഞ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ, ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്